**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2478** — 07.10.2016 ലെ മറുപടിക്ക്

**കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോ എബ്രഹാം : | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണ പെർമിറ്റും അനുബന്ധ സേവനങ്ങൾക്കും കാല താമസം നേരിടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇത്തരം സേവനങ്ങളിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;<br>(സി) ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്തൊക്കെ സേവനങ്ങളാണ് ഇത്തരത്തിൽ ലഭിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) യും (ബി) യും (സി) യും ചില നഗരസഭകളിൽ നിന്നും കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ് വെയർ വഴിയാണ് കെട്ടിടനിർമ്മാണ അനുമതി നൽകി വരുന്നത്. പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി, ചീഫ് ടൗൺ പ്ലാനർ, ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ട്രെയിനിംഗ് പ്രോഗ്രാമുകൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനും കമ്പ്യൂട്ടറൈസേഷൻ നടപടികൾ സമയബന്ധിതമായും, ഫലപ്രദമായും നടപ്പാക്കുന്നതിലേയ്ക്കുമായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)നെ നോഡൽ ഓഫീസറായും നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ